പൊതുമരാമത്തും ഗതാഗതവും കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജാൺ ഫിലിപ്പോസ്) :

(എ) സംയോജനകാലത്ത് തിരുവിതാംകൂറിൽ വെറിനറി ഡയറക്ടർ എന്ന ഒരു പ്രത്യേക ഉദ്യോഗസ്ഥൻ ഉണ്ടായിരുന്നില്ല. കൃഷിവകുപ്പിനും വെറിനറിവകുപ്പിനുംകൂടി ഒരു ഡയറക്ടർമാത്രമായിരുന്നു. ശ്രീ. ടി. സി. കൊച്ചുണ്ണിപിള്ള.

(ബി) അദ്ദേഹം പെൻഷനു പ്രാരംഭമായ അവധിയിൽ പ്രവേശിച്ചിരിക്കയാണു്.

(സി) ശ്രീ. വി. കെ. മാധവമേനോൻ.

(ഡി) മേൽ പ്രസ്താവിച്ചതിൽനിന്നും ഈ ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഉണ്ടു്.

(എഫ്) സർട്ടിഫിക്കെറ്റ് ഉണ്ടു്.

(ജി) പല വിഷയങ്ങളിലും ഉന്നതബിരുദങ്ങൾ നേടിയ പല ഉദ്യോഗസ്ഥന്മാർ ഇപ്പോൾ ഡിപ്പാർട്ടുമെണ്ടിൽ ഉണ്ടു്. അതിൽ ഏറ്റവുംകൂടി പരിഷ്കായോഗ്യത ഏതാണെന്നു് നിർണ്ണയിക്കുക പ്രയാസമാണു്.

## ഫുഡ്റേഷൻ അളവു്

*ഉ൦൩൭. (൩) ശ്രീ. പി. നാണു : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട സിവിൽസപ്ലൈസ്വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഫുഡ്റേഷന്റെ അളവിൽ കൊച്ചിവിഭാഗത്തും തിരുവിതാംകൂർ വിഭാഗത്തും വ്യത്യാസമുണ്ടോ;

(ബി) രണ്ടുവിഭാഗത്തും ഒരേഅളവിൽ ഉള്ള റേഷനാണോ അനുവദിച്ചിട്ടുള്ളതു് ;

(സി) വ്യത്യാസമുള്ളപക്ഷം അതിനുള്ള കാരണം എന്താണു്?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല.

(ബി) അതെ.

(സി) ഉദിക്കുന്നില്ല.

## ഷിഫ്ടുമൂലം ജോലിയില്ലാത്ത അദ്ധ്യാപകർ

*ഉ൦൩൮. (൨൮) ശ്രീ. കെ. രാമകൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പത്തനംതിട്ട താലൂക്കിൽ ഷിഫ്ടുമൂലം ജോലിയില്ലാതായിത്തീർന്ന എത്ര അദ്ധ്യാപകരുണ്ടു് ;

(ബി) അവർക്കു ജോലിയില്ലാതായിട്ടു് ഇപ്പോൾ എത്ര മാസമായി;

(സി) അവരെ ജോലിയിൽ വീണ്ടും പ്രവേശിപ്പിക്കണമെന്ന കാണിച്ചു് ആദ്യമായി അവർ ഗവണ്മെണ്ടിൽ നിവേദനം സമർപ്പിച്ചതെന്നു് ;

(ഡി) അവരുടെ പ്രതിനിധികൾ ആദ്യമായി ബഹുമാനപ്പെട്ടവിദ്യാഭ്യാസമന്ത്രിയുടെ മുൻപിൽ നിവേദനം സമർപ്പിച്ചതെന്നു് ;

(ഇ) തുടർന്നു ഈ ബഹു. സഭയിലെ ഏതേതു മെമ്പറന്മാർ ഈ വിഷയത്തെക്കുറിച്ചു് ബഹു. വിദ്യാഭ്യാസമന്ത്രിയോടു് നിവേദനം ചെയ്തിട്ടുണ്ടു് ;

(എഫ്) അവർ നിവേദനം സമർപ്പിച്ചപ്പോൾ നൽകിയ മറുപടികൾ എന്തെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly

(ജി) അദ്ധ്യാപക പ്രതിനിധികളോട് ബഹു. വിദ്യാഭ്യാസമന്ത്രി നൽകിയ മറുപടി എന്തായിരുന്നു ;

(എച്ച്) ശ്രീ. കെ. കെ. കരുവിള. എം.എ., ബി.ഡി. ഈ വിഷയത്തെപ്പറ്റി എന്നാണ് ആദ്യമായി നിവേദനം നടത്തിയത് ;

(ഐ) അദ്ദേഹം ആദ്യമായി നിവേദനം നടത്തിയത് എന്ന് ;

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ–മുതൽ ഐ-വരെ) പത്തനംതിട്ട താലൂക്കിലുള്ള സ്കൂളുകളിൽനിന്നു പിരിച്ചുവിട്ടവരുൾപ്പടെ ഷിഫ്ടിസിസ്റ്റം നടപ്പിലാക്കിയതുനിമിത്തം ജോലിയില്ലാതായിത്തീർന്ന അദ്ധ്യാപകന്മാരെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിനുവേണ്ട ഉത്തരവു അയച്ചിട്ടുണ്ട്. അതുകൊണ്ട് ഈ ചോദ്യങ്ങൾ ഇപ്പോൾ ഉദിക്കുന്നില്ല

## ALLOTMENT OF FOODGRAINS TO THE STATE

**1069. [18] Sri. P. S. Nataraja Pillai:** Will the Hon'ble Minister for Education, Labour and Civil Supplies be pleased to state:

whether the reduction of nearly 90,000 tons in the quota of foodgrains for 1950 was made by the Government of India as the result of the statement "This (extensive cultivation) is expected to result in an increased production of about a lakh of tons of foodstuffs" contained in the Budget speech of the Hon'ble Minister for Finance in March 1950?

*Minister for Education, Labour and Civil Supplies* **(Sri. Panampilli Govinda Menon):**

No.

## ഭക്ഷ്യധാന്യക്കണക്ക്

*൧൦൭൦. (൨൦) ശ്രീ. എ. എം. തോമസ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊച്ചി–തിരുവിതാംകൂറിലെ ഭക്ഷ്യസാധനങ്ങളുടെ കണക്കുകളെ സംബന്ധിച്ച സെൻട്രൽ ഗവൺമെണ്ട് ഭക്ഷ്യമന്ത്രി ശ്രീ. മൻഷി നൽകിയ വിവരങ്ങൾ പിശകാണെന്നു ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ ജെ. ജാൺ എറണാകുളത്തുവച്ച് പത്രപ്രതിനിധികളോട് പ്രസ്താവിക്കുകയുണ്ടായോ ;

(ബി) അപ്രകാരം പിശകായ കണക്കുകൾ സെൻട്രൽ ഗവൺമെണ്ടിൽ എത്താൻ ഇടയായതെങ്ങനെ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഉണ്ടായി. കഴിഞ്ഞ സെപ്തമ്പർമാസത്തിൽ ൩൫,൦൦൦ ടൺ ഭക്ഷ്യധാന്യങ്ങൾ വാങ്ങാമെന്നു ഈ ഗവൺമെണ്ട് സമ്മതിച്ചിരുന്നു എന്നു പ്രസ്താവിച്ചതു തെറ്റാണെന്നാണു പറഞ്ഞതു. ൩൫,൦൦൦ നു പകരം ൩൦,൦൦൦ എന്നു പിശകായി പ്രസ്താവിച്ചതാണെന്നു സെൻട്രൽഗവൺമെണ്ടിൽനിന്നും തിരുത്തിയിട്ടുണ്ട്.

(ബി) എ-യ്ക്കു നൽകിയ ഉത്തരത്തിൽനിന്നും ഈ ചോദ്യം ഉത്ഭവിക്കുന്നില്ല.

## ALLOTMENT OF FOODGRAINS

***1071. [29] Sri. R. Chellaswami Nadar:** Will the Hon'ble Minister for Civil Supplies be pleased to state:

LIBRARY ARCHIVES Kerala Legislative Assembly